**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ താലൂക്ക് ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 26.07.2021-ലെ 1555/2021 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ താലൂക്ക് ആശുപത്രിയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) | ഞാറയ്ക്കൽ താലൂക്ക് ആശുപത്രി ഉൾപ്പെടെ സംസ്ഥാനത്ത് 140 ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പദ്ധതിയിൽ ഐസൊലേഷൻ വാർഡിനു വേണ്ട മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ സൗകര്യങ്ങളോടും കൂടിയ ഐസൊലേഷൻ വാർഡാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനുള്ള താൽപര്യപത്രം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി ഏതെന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | ഞാറയ്ക്കൽ താലൂക്ക് ആശുപത്രി ഉൾപ്പെടെ സംസ്ഥാനത്ത് 140 ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പദ്ധതിയിൽ ഐസൊലേഷൻ വാർഡിനു വേണ്ട മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ സൗകര്യങ്ങളോടും കൂടിയ ഐസൊലേഷൻ വാർഡാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനുള്ള താൽപര്യപത്രം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ